**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3313** — 10-12-2018 -ൽ മറുപടിക്ക്

**പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൻ. ഷംസുദ്ദീൻ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുവാൻ കേന്ദ്രസംഘം സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടോ; അവർ ഏതെല്ലാം ജില്ലകളാണ് സന്ദർശിച്ചത്; | എ) | ഉണ്ട്. ആലപ്പുഴ, ഇടുക്കി, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ കേന്ദ്ര സംഘം പ്രളയക്കെടുതിയും നാശനഷ്ടങ്ങളും വിലയിരുത്താനായി രണ്ടുഘട്ടങ്ങളിലായിട്ടാണ് എത്തിയത്. ആദ്യത്തെ സന്ദർശനം ആഗസ്റ്റ് 7 മുതൽ 11 വരെയും രണ്ടാമത്തേത് സെപ്റ്റംബർ 20 മുതൽ 24 വരെയും ആണ്. |
| ബി) | ഓരോജില്ലകളിലും എത്ര കോടി രൂപയുടെ നാശനഷ്ടം വീതം ഉണ്ടായി എന്ന് റവന്യൂവകുപ്പ് വിലയിരുത്തി കേന്ദ്രസംഘത്തിന് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | ബി) | വിവിധ മേഖലയിലെ നഷ്ടം, കേന്ദ്ര മാനദണ്ഡം അനുസരിച്ച് അതാത് ചുമതലയുള്ള വകുപ്പുകൾ കണക്കാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിന് മാത്രമല്ല ഇത്തരം കണക്കെടുപ്പ് നടത്തുവാൻ ചുമതലയുള്ളത്. ദേശീയ ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് കേരളം ആവശ്യപ്പെട്ടത് 5616 കോടി രൂപയുടെ ദുരിതാശ്വാസ സഹായമാണ്. ആദ്യഘട്ടത്തിലുണ്ടായ പ്രളയത്തിന് 820 കോടിയും രണ്ടാംഘട്ടത്തിലെ മഹാപ്രളയത്തിന് 4796 കോടി രൂപയും ഉൾപ്പെടെയാണിത്. |
| സി) | കേന്ദ്രസംഘത്തിന്റെ പ്രാഥമിക വിലയിരുത്തലെന്തെന്നും എത്ര തുകയാണ് കേന്ദ്രസഹായമായി ശുപാർശ നൽകിയതെന്നും വെളിപ്പെടുത്തുമോ? | സി) | കേന്ദ്ര സംഘം സംസ്ഥാന സർക്കാരിന് ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ഒന്നും നൽകാറില്ല |

സെക്ഷൻ ഓഫീസർ